**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. T.4921

14.11.2019- ൽ
മറുപടിയ്ക്ക്

**ചാലക്കുടി താലൂക്കിൽ മുരിങ്ങൂർ തെക്കുംമുറി വില്ലേജ്, ശ്രീ ഓ .എൽ. ജോസിന് പട്ടയം ലഭ്യമാക്കുന്നതിന് നടപടി**

ചോദ്യം
ശ്രീ.ബി.ഡി. ദേവസ്സി

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ചാലക്കുടി താലൂക്കിൽ മുരിങ്ങൂർ തെക്കുംമുറി വില്ലേജ്, ഓലിയാപ്പുറം വീട്ടിൽ ശ്രീ. ഒ.എൽ. ജോസിന്റെ കൈവശത്തിലു ഇരിക്കുന്നതും റിക്കോർഡുകളിൽ ഇടവഴി പുറമ്പോക്ക് എന്ന് കാണിച്ചിട്ടുള്ളതുമായ സർവ്വേ 218/3 ലെ ഭൂമിയ്ക്ക് പട്ടയം ലഭിയ്ക്കുന്നതിനായുള്ള അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) മുരിങ്ങൂർ തെക്കുംമുറി വില്ലേജിൽ ഓലിയാപ്പുറം ജോസ് എന്നയാളുടെ കൈവശത്തിലുള്ള മുരിങ്ങൂർ തെക്കുംമുറി വില്ലേജ് സർവ്വെ 218/3-ൽ ഉൾപ്പെടുന്ന 0.0409 ഹെക്ടർ ഭൂമി വില്ലേജ് റിക്കാർഡുകൾ പ്രകാരം ഇടവഴി പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഇടവഴി പുറമ്പോക്ക് നിർദ്ദിഷ്ട തദ്ദേശസ്വയംഭരണ സ്ഥാപനമായ കൊരട്ടി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. ആയത് റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) കൊരട്ടി ഗ്രാമപഞ്ചായത്തിൽ നിന്നും എൻ.ഓ.സി. അടക്കമുള്ള മുഴുവൻ രേഖകളും നിർദ്ദേശാനുസരണം സമർപ്പിച്ചിട്ടും ഇനിയും പട്ടയം ഇഷ്യൂ ചെയ്യിട്ടില്ലാത്തതിനാൽ കാലതാമസം ഒഴിവാക്കി പട്ടയം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) അപേക്ഷകനായ ശ്രീ.ഒ.എൽ.ജോസിന് കൈവശ ഭൂമിയ്ക്ക് പട്ടയം നൽകുന്നതിന് വിരോധമില്ല എന്ന പഞ്ചായത്ത് തീരുമാനം 03/08/12-ൽ ലഭിച്ചിട്ടുള്ളതാണ്. തുടർന്ന് ശ്രീ.ഒ.എൽ. ജോസിന്റെ അപേക്ഷ സംബന്ധിച്ച ഫയൽ (നം.29045/എൽ3/14/റവ)17/6/2016-ൽ തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ അധിഷ്ഠിതമായ ടി പുറമ്പോക്ക് ഭൂമി റവന്യൂ |

വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കി വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം മാത്രമേ പട്ടയ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് കൊരട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് ചാലക്കുടി തഹസിൽദാർ നിർദ്ദേശം നൽകിയിട്ടുള്ളതും, ഭൂമി പുനർ നിക്ഷിപ്തമാക്കി ലഭിക്കുന്ന മുറയ്ക്ക് ശ്രീ.ഒ.എൽ.ജോസിന്റെ കൈവശ ഭൂമിയിൻമേൽ പട്ടയ നടപടികൾ സ്വീകരിക്കുന്നതുമാണ്.

Indu.S.S

**സെക്ഷൻ ഓഫീസർ**